കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - അരിക്കുളം ഗ്രാമപഞ്ചായത്ത് - "എന്റെ വിദ്യാലയം ഹരിത വിദ്യാലയം രണ്ടാം ഘട്ടം" എന്ന പ്രോജക്ട്- അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്

സ.ഉ(സാധാ)നം.2484/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 25.09.2018.

---

പരാമർശം : 1)കോഴിക്കോട് ജില്ലാകളക്ടറുടെ 14.08.18 ലെ 58704/18/DPC/KKD/CC നമ്പർ കത്തും അരിക്കുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 09.08.18 ലെ Az-3563/18-ാം നമ്പർ കത്തും

2)സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 05.09.2018 ലെ 4.20 നമ്പർ യോഗതീരുമാനം

ഉത്തരവ്

അരിക്കുളം ഗ്രാമപഞ്ചായത്ത് ഈ വർഷം "എന്റെ വിദ്യാലയം ഹരിത വിദ്യാലയം രണ്ടാം ഘട്ടം" എന്ന പ്രോജക്ട് ( പ്രോ.നം. 65/19- അടങ്കൽ 1.00 ലക്ഷം രൂപ (വികസനഫണ്ട്))വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും പഞ്ചായത്തിൽ സർക്കാർ സ്കൂളുകൾ ഇല്ലെന്നും എയ്ഡഡ് സ്കൂളുകളിൽ ഉദ്യാനത്തിന് മൺചട്ടികൾ, വാട്ടർ പ്യൂരിഫയർ വാങ്ങൽ, ഹരിതാവബോധം വളർത്തുന്നതിന് ബോധവൽക്കരണവും ലഘു ഭക്ഷണവും എന്നിവ നടത്തുന്നതിന് അനുമതി നൽകണമെന്നും പരാമർശം(1) പ്രകാരം അരിക്കുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

2) ഇക്കാര്യം സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി പരിശോധിച്ച പ്രസ്തുത കമ്മിറ്റിയുടെ പരാമർശം (2) ലെ തീരുമാന പ്രകാരം പ്രസ്തുത പ്രോജക്ടിൽ ഉൾപ്പെടുത്തി കുടിവെള്ളം, ടോയ് ലെറ്റ് എന്നിവ മാത്രം നടപ്പാക്കാൻ അരിക്കുളം ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

പാറ്റ്സി സ്റ്റീഫൻ

ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ജില്ലാ കളക്ടർ, കോഴിക്കോട്

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്

പ്രസിഡണ്ട്/സെക്രട്ടറി, അരിക്കുളം ഗ്രാമ പഞ്ചായത്ത്,കോഴിക്കോട്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ചെയർമാൻ,സംസ്ഥാന റിസോഴ്സ് ഗ്രൂപ്പ്,തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം,തിരുവനന്തപുരം.

കരുതൽ ഫയൽ / ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**